ജനുവരി 2025

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

ദൈവം തന്റെ കൃപയാൽ നമ്മെ പുതിയ ഒരു സംവത്സരത്തിലേക്ക് പ്രവേശിപ്പിക്കുന്നു. 2024 ന്റെ ആരംഭം മുതൽ ഇതുവരെയും നമ്മെ കാത്ത് പരിപാലിച്ച ദൈവകൃപയെ ഓർത്ത് ദൈവത്തെ സ്തുതിക്കാം. ഓരോ പുതുവർഷവും ശുഭ പ്രതീക്ഷകൾ പകരുന്നതാണ്. കാലചക്രത്തിലെ കണക്കുകൂട്ടലുകൾ മാത്രമാണ് ഓരോ നവവർഷവും, എങ്കിലും ഒരു പൂമൊട്ട് വിരിയുന്നതുപോലെ, ഓരോ പുതുവർഷവും ചില നവസൗരഭ്യങ്ങൾ പകരുന്ന സാധ്യതകളെ പകർന്നു തരുന്നു. ഓരോ തുടർച്ചയും കഴിഞ്ഞ നിമിഷങ്ങളുടെ തനി പകർപ്പല്ല, പുതിയ തീരുമാനങ്ങളുടെയും പുതിയ ജീവിതശൈലികളുടെയും, പുതിയ പ്രതീക്ഷകളുടെയും വാതായനങ്ങളാണ്. കഴിഞ്ഞ നാളുകളിലെ ദൈവകൃപകൾക്ക് നന്ദിയുള്ളവരായി നമുക്കൊരുമിച്ചു മുന്നോട്ടുപോകാം. ചേർത്തു പിടിക്കലിന്റെയും പരസ്പര ബഹുമാനത്തിന്റെയും, കരുതലിന്റെയും നാളുകളായി പുതുവർഷം മാറട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ആരും ഈ ജീവിത യാത്രയിൽ ഒറ്റക്കല്ല എന്ന ഉറപ്പു എല്ലാവർക്കും ലഭ്യമാക്കുവാൻ സഹായകരമായ രീതിയിൽ പ്രവർത്തിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ഹാനോക്ക് ദൈവത്തോട് ചേർന്ന് നടന്നതുപോലെ നമുക്കും പുതുവത്സരത്തിൽ ദൈവത്തോട് ചേർന്ന് ജീവിതാനുഭവങ്ങളെ മുന്നോട്ട് നയിക്കാം. പുരാതനനായ ദൈവം നമ്മുടെ സങ്കേതം, കീഴെ ശാശ്വത ഭുജം. ദൈവകരങ്ങളിൽ സങ്കേതപ്പെടുവാൻ നമുക്ക് നമ്മെത്തന്നെ അർപ്പിക്കാം. ഏവർക്കും പുതുവത്സരാശംസകൾ.

ഡിസംബർ മാസം 2 മുതൽ 25 വരെ നോർത്ത് അമേരിക്ക ഭദ്രാസനം സന്ദർശിക്കുന്നതിനും ഡിട്രോയ്റ്റ്, ഫിലഡൽഫിയ, വാഷിംങ്ടൻ, ന്യൂജെഴ്സി, ന്യൂയോർക്ക് എന്നിവിടങ്ങളിൽ ക്രമീകരിച്ച വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിനും എനിക്ക് സാധിച്ചു. വാഷിംങ്ടൻ മാർ ത്തോമ്മാ ഇടവകയ്ക്ക് വേണ്ടി നിർമ്മിക്കുന്ന പുതിയ ദൈവാലയത്തിന്റെ അടിസ്ഥാന ശില ആശിർവ്വദിക്കുന്നതിന് ഇടയായി. കൂട്ടായ തീരുമാനങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും പുതിയ ദൈവാലയം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കി തീർക്കുവാൻ ദൈവം സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. നോർത്ത് അമേരിക്കയിലുള്ള മറ്റ് സഭാവിഭാഗങ്ങളിലെ മേലദ്ധ്യക്ഷന്മാരെ കാണുന്നതിനും കൂട്ടായ്മ ആചരിക്കുന്നതിനും സാധിച്ചു. എക്യൂമെനിക്കൽ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും പാശ്ചാത്യൻ മേഖലയിൽ സഭാഗാത്രം അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ ചർച്ചചെയ്യുന്നതിനും, ഐക്യത്തിന്റെ മേഖലകൾ വിശാലമാക്കുന്നതിനും കൂടിവരവ് സഹായകരമായി. യാത്രയിലും വിവിധ സന്ദർശനങ്ങളിലും വ്യാപരിച്ച ദൈവകൃപയ്ക്കായി സ്തോത്രം. എല്ലാ ക്രമീകരണങ്ങൾക്കും നേതൃത്വം നല്കിയ അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്ക്കോപ്പാ തിരുമേനിയോടും ഭദ്രാസന സെക്രട്ടറി റവ. ജോർജ്ജ് ഏബ്രഹാമിനോടും ഓഫീസ് പ്രവർത്തകരോടും, വികാരി അച്ചന്മാരോടുമുള്ള നന്ദി അറിയിക്കുന്നു.

ബംഗ്ലാദേശിലും സിറിയയിലുമൊക്കെ ഭരണകൂടങ്ങൾ മാറി വന്നു. മത പിൻബലത്തിൽ തന്നെ രൂപപ്പെട്ട സംഘങ്ങളാണ് ഭരണ തലപ്പത്തെത്തിയിരിക്കുന്നത് എന്നത് വാസ്തവമാണ്. ബംഗ്ലാദേശിലെ ന്യൂനപക്ഷ പീഡനങ്ങളെയൊക്കെ അത്തരമൊരു പശ്ചാത്തലത്തിൽ വീക്ഷിക്കുമ്പോൾ ലോക ജനാധിപത്യ സംവിധാനങ്ങളുടെ ഭാവിയെക്കുറിച്ചു ആശങ്കകൾ ഉയരുന്നു. ജനാധിപത്യം മത ഭൂരിപക്ഷങ്ങളുടെ കൈപ്പിടിയിലൊതുങ്ങുമ്പോൾ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ തുല്യതകളുടെയും നീതിബോധ്യങ്ങളുടെയും സൂചികകൾ തകിടം മറിയുന്നു. ഭൂരിപക്ഷമുള്ളവരുടെ ആധിപത്യം മറ്റുള്ളവർ അംഗീകരിക്കേണം എന്ന ആധുനിക അടിമത്വത്തിലേക്ക് നാം വഴിതെളിയിക്കപ്പെടുന്നു. ജനാധിപത്യത്തിന്റെ ഭൂരിപക്ഷ ന്യൂനപക്ഷ വേർതിരിവുകൾക്കപ്പുറമായി സമഭാവനയുടെയും, സ്നേഹത്തിന്റെയും, പാരസ്പരികതകളുടെയും രാഷ്ട്രീയം രൂപപ്പെടണം. അതിനായുള്ള പ്രവർത്തനങ്ങളെ നമ്മുടെ ദൗത്യമായി നാം കാണേണ്ടിയിരിക്കുന്നു.

ജൂലൈ 30-ന് വയനാട് ജില്ലയിലെ ചൂരമല, മുണ്ടക്കൈ പ്രദേശങ്ങളിലുണ്ടായ അത്യന്തം ഭീതിജനകമായ ഉരുൾപൊട്ടലിന്റെ നീറുന്ന വേദനയിൽ നിന്ന് ഇന്നും ആ പ്രദേശങ്ങളിലെ ജനങ്ങൾ മോചിതരായിട്ടില്ല. വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിനിരയായവരുടെ പുനരധിവാസം സംബന്ധിച്ച് പല തലങ്ങളിൽ ചർച്ചകൾ നടക്കുന്നുണ്ട്. നമ്മുടെ സഭയും ഈ പ്രക്രിയയിൽ സജീവമായി പങ്കാളിത്തം നല്കുന്നു. ദുരന്ത നാളുകളിൽ ദുരി

താശ്വാസ ക്യാമ്പുകളിൽ അടിയന്തിര സഹായം ലഭ്യമാക്കുവാൻ സഭയ്ക്ക് സാധിച്ചു. തുടർന്ന് സഭാ കൗൺസിലിന്റെ ആലോചനയോടെ ഒരു ഉപസമിതി രൂപീകരിക്കുകയും ആവശ്യങ്ങളെ വിലയിരുത്തി വിവിധ പദ്ധതികൾക്ക് രൂപം നൽകുകയും ചെയ്യുന്നു. സർക്കാർ ചെയ്യുന്ന പുനരധിവാസ സംരംഭങ്ങൾക്ക് ആവശ്യമായ പിന്തുണ അറിയിച്ചു. അർഹരായ 25 പേർക്കെങ്കിലും വീട് നിർമ്മിച്ചു നൽകുവാൻ ഭദ്രാസനം വക 2.5 ഏക്കർ സ്ഥലം ക്രമീകരിച്ചു. വീട് നഷ്ടപ്പെട്ടവർക്ക് പാർപ്പിടം പണിയേണ്ടതിനും ടൗൺഷിപ്പ് നിർമ്മാണം നടത്തേണ്ടതിനും കേരള സർക്കാരുമായും ആലോചനകൾ നടക്കുന്നുണ്ട്.

സെപ്റ്റംബർ 7 മുതൽ ചൂരൽ മലയിൽ ചുങ്കത്തറ മാർത്തോമ്മാ മിഷൻ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പ് മുടക്കം കൂടാതെ എല്ലാ വെള്ളിയാഴ്ചയും നടത്തിവരുന്നു. കഴിഞ്ഞ 16 ക്യാമ്പുകളിലൂടെ പ്രതിദിനം 100 മുതൽ 150 വരെയുള്ള രോഗികളെ പരിശോധിക്കയും തുടർ ചികിത്സ ആവശ്യമുള്ളവർക്ക് ഹോസ്പിറ്റൽ ക്രമീകരണം ചെയ്യുകയും ചെയ്യുന്നു. ചുണ്ടേൽ കേന്ദ്രമാക്കി ഒരു പ്രോജക്ട് ഓഫീസ് ആരംഭിക്കുകയും സഭ നിയോഗിച്ച സോഷ്യൽ വർക്കർ വയനാട്ടിൽ താമസിച്ച് ദുരന്തബാധിത പ്രദേശങ്ങളിലെ ജനങ്ങളെ സന്ദർശിച്ച് ആവശ്യങ്ങൾ മനസ്സിലാക്കി റിപ്പോർട്ട് നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഉൾപ്രദേശങ്ങളിൽ താമസിക്കുന്നവരെ സന്ദർശിച്ച് അവർക്ക് സാന്ത്വനം നൽകുന്നതിനായി ഒരു ബൊലേറോ ജീപ്പ് വാങ്ങിയിട്ടുണ്ട്. പ്രൊഫഷണൽ കോഴ്സുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിനായി ഫീസ് നൽകുവാനുള്ള ക്രമീകരണവും ചെയ്യുന്നു. മേപ്പാടി പ്രദേശത്ത് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്ന മുറയ്ക്ക് ഒരു സാന്ത്വന പരിചരണ യൂണിറ്റ് ആരംഭിക്കാനുള്ള തീരുമാനവും കൈക്കൊണ്ടിട്ടുണ്ട്. ക്രിസ്തുമസ് നാളുകളിൽ അവിടെയുള്ള ജനത്തിന് പ്രത്യാശ പകരുന്നതിനായി സഭാ സെക്രട്ടറി സ്ഥലം സന്ദർശിക്കുകയും, കൂട്ടായ്മ ക്രമീകരിക്കുകയും ക്രിസ്തുമസ് സമ്മാനം വിതരണം ചെയ്യുകയും ചെയ്തു. വയനാട് പുനരധിവാസ പ്രവർത്തനങ്ങൾക്കായി ലഭ്യമായ സാമ്പത്തിക സഹായങ്ങൾ ഏറെ കരുതലോടും ജാഗ്രതയോടും കൂടിയാണ് സഭ ചെലവഴിക്കുന്നത്. നമ്മുടെ പ്രാർത്ഥനയിൽ ദുരന്തത്തിനിരയായ വയനാട് ജനതയെ ഓർക്കുകയും അവരുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുകയും ചെയ്യാം.

കഴിഞ്ഞ ആറു പതിറ്റാണ്ടായി ആരോഗ്യ പരിപാലന രംഗത്ത് സംഗതമായ ശുശ്രൂഷ നിർവഹിക്കുന്ന കുമ്പനാട് മാർ ക്രിസോസ്റ്റം ഫെലോഷിപ്പ് മിഷൻ ആശുപത്രിയുടെ പ്രവർത്തനം കാലോചിത സൗകര്യങ്ങളോടെ അനുഗ്രഹീതമായി മുന്നോട്ടു പോകുന്നത് അഭിമാനകരമാണ്. ഭാഗ്യസ്മരണീയനായ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെ സഹോദരൻ ഡോ. ജേക്കബ് ഉമ്മന്റെ നേതൃത്വത്തിൽ 1946 ൽ ആരംഭിച്ച ആശുപത്രി ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് വലിയ ആശ്വാസവും പ്രതീക്ഷയുമാണ്. 32 ഡോക്ടർമാരുടെ നേതൃത്വത്തിൽ എല്ലാ ഡിപ്പാർട്ട്മെന്റുകളും ഇവിടെ സജീവമായി പ്രവർത്തിക്കുന്നു. സാധാരണക്കാർക്ക് താങ്ങാവുന്ന ചികിത്സാ ചിലവുകളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് നൽകുന്ന സൗജന്യ ഡയാലിസിസ് സൗകര്യങ്ങളും ജനങ്ങൾക്ക് വലിയ ആശ്വാസമാകുന്നു. ഒരു വർഷം 4500 രോഗികൾക്ക് സൗജന്യ ഡയാലിസിസ് സൗകര്യം ഇവിടെ ചെയ്തു വരുന്നു. ഇത്തരത്തിൽ ജനസൗഹാർദ്ദ പദ്ധതികളുമായി മുന്നോട്ടു പോകുന്ന ആശുപത്രിയിൽ ആധുനിക സൗകര്യങ്ങളോടെ പുതിയ ഒരു ബ്ലോക്ക് നിർമ്മിക്കാനുള്ള ഒരുക്കത്തിലാണ്. 35 കോടി രൂപ ചിലവിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ അനുമതി സർക്കാർ തലത്തിൽ നിന്ന് അടുത്തയിടെ ലഭിക്കുകയുണ്ടായി. കഴിവതും വേഗം നിർമ്മാണ പ്രവർത്തനങ്ങളിലേക്ക് പ്രവേശിക്കും.

കറ്റാനം സെന്റ് തോമസ് മിഷൻ ആശുപത്രി ഇപ്പോൾ 250 കിടക്കകൾ ഉള്ള മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയാണ്. സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ഉൾപ്പെടെ 45 ഡോക്ടർമാർ ഇവിടെ സേവനം ചെയ്യുന്നു. കൊച്ചി കർക്കിനോസുമായി സഹകരിച്ച് 2022 മുതൽ ക്യാൻസർ ചികിത്സാവിഭാഗം പ്രവർത്തിക്കുന്നു. ഓങ്കോളജി ഡോക്ടറുടെ സേവനം മുഴുവൻ സമയവും ലഭ്യമാണ്. ആശുപത്രിക്ക് ആരംഭം കുറിച്ച 76 വർഷം പഴക്കമുള്ള കെട്ടിടം ഹെറിറ്റേജ് ബിൽഡിംഗ് ആയി നിലനിർത്തിക്കൊണ്ട് പുനരുദ്ധാരണം ചെയ്ത് അഡ്മിനിസ്ട്രേറ്റിവ് വിഭാഗങ്ങൾ ഈ വർഷം അവിടേക്ക് മാറ്റി പ്രവർത്തിക്കുന്നതുമൂലം ഒ.പി. വിഭാഗത്തിന് കൂടുതൽ സ്ഥല സൗകര്യം ലഭ്യമാകും. ഇവിടെ പ്രവർത്തിക്കുന്ന നേഴ്സിംഗ് സ്ക്കൂൾ, നേഴ്സിംഗ് കോളേജ്, ഫാർമസി കോളേജ് എന്നിവയും മികച്ച നിലവാരം പുലർത്തുന്നു. മെഡിക്കൽ ബോർഡിനേയും ആശുപത്രികളുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ചെയർമാന്മാരെയും, അഡ്മിനിസ്ട്രേറ്റർമാരെയും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളെയും അനുമോദിക്കുന്നു.

ആഗോള കത്തോലിക്കാ സഭയും മലങ്കര മാർത്തോമ്മാ സുറിയാനി സഭയും തമ്മിൽ ഉള്ള എക്യുമെനിക്കൽ ഡയലോഗ് മീറ്റിംഗിന്റെ രണ്ടാമത് യോഗം മാങ്ങാനം സ്പിരിചാലിറ്റി സെന്ററിൽ നടത്തപ്പെട്ടു. വത്തിക്കാനിലെ എക്യുമെനിക്കൽ ഡിക്കാസ്റ്ററിയുടെ സെക്രട്ടറി ആർച്ച് ബിഷപ്പ് ഫ്ലവിയ പാച്ചേ, മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ സഫ്രഗൻ മെത്രാപ്പോലീത്ത ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്ത എന്നിവർ സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചു. മാർത്തോമ്മാ സഭയെ പ്രതിനിധീകരിച്ച് തിരുമേനിമാരും, വൈദീകരും, അത്മായരുമടങ്ങുന്ന 9 അംഗ സംഘം ഡയലോഗിൽ സംബന്ധിച്ചു. ആർച്ച് ബിഷപ്പ് ഫ്ലവിയ പാച്ചേ, ഡോ. ജോസഫ് മാർ ഇവാനിയോസ്, റവ. ഷിബി വർഗ്ഗീസ്, റവ. ഡോ. ഹിയാസിന്റ് ഡെസ്റ്റിവല്ലേ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സഭയുടെ സിനഡാലിറ്റി ദർശനങ്ങൾ, ദൗത്യം, വിശുദ്ധ മാമോദീസ തുടങ്ങിയ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ദൈവശാസ്ത്ര ചർച്ചകൾ യോഗത്തിന്റെ ഭാഗമായി നടന്നു. അടുത്ത വർഷവും ചർച്ചകൾ തുടരും.

ലോകമെമ്പാടുമുള്ള ക്രൈസ്തവ വിശ്വാസികൾ ജനുവരി 18 മുതൽ 25 വരെ ഐക്യത്തിനായുള്ള പ്രാർത്ഥന വാരമായി (Unity Octave) ആചരിക്കുകയാണല്ലോ. സഭകളുടെ ലോക കൗൺസിലിന്റെയും (WCC) റോമൻ കത്തോലിക്ക സഭയുടെയും ഇതര എക്യുമെനിക്കൽ സമിതിയുടെയും സഹകരണത്തോടെ സംഘടിപ്പിക്കുന്ന ഈ പരിപാടി ലോകമെമ്പാടുമുള്ള വിശ്വാസികളെ ഐക്യത്തിനായി ഒരുമിച്ച് പ്രാർത്ഥിക്കുവാൻ ക്ഷണിക്കുന്നു. 2025-ൽ ഐക്യത്തിനായുള്ള പ്രാർത്ഥനാ വാരത്തിനായുള്ള പ്രാർത്ഥനകളും വിചിന്തനങ്ങളും തയ്യാറാക്കിയത് വടക്കൻ ഇറ്റലിയിലെ സന്യാസ സമൂഹത്തിലെ സഹോദരങ്ങളാണ്. എ.ഡി. 325-ൽ കോൺസ്റ്റന്റിനോപ്പിളിനടുത്തുള്ള നിഖ്യായിൽ നടന്ന ആദ്യത്തെ ക്രിസ്ത്യൻ എക്യുമെനിക്കൽ കൗൺസിലിന്റെ 1700-ാം വാർഷികമാണല്ലോ 2025. നിഖ്യാ വിശ്വാസപ്രമാണം പ്രഖ്യാപിക്കുന്ന ക്രൈസ്തവരുടെ പൊതുവായ വിശ്വാസത്തെ പ്രതിഫലിപ്പിക്കാനും ആഘോഷിക്കാനുമുള്ള സവിശേഷമായ അവസരമായിരിക്കും ഈ വർഷത്തെ പ്രാർത്ഥനാ വാരം. ഐക്യത്തിന്റെ ആത്മാവിൽ പ്രാർത്ഥനാവാരം ആചരിക്കുവാൻ എല്ലാവരേയും ഉദ്ബോധിപ്പിക്കുന്നു.

വത്തിക്കാൻ നേരിട്ട് കർദ്ദിനാൾ പദവിയിലേക്ക് ഉയർത്തിയ ആദ്യ ഇന്ത്യൻ വൈദികൻ കർദ്ദിനാൾ ജോർജ് ജേക്കബ് കൂവക്കാട് മാർത്തോമ്മാ സഭയുടെ സുഹൃത്താണ്. പുതിയ കർദ്ദിനാളിന്റെ സേവനങ്ങൾ കത്തോലിക്കാ സഭയ്ക്കും ഇതര സഭകൾക്കും പൊതുസമൂഹത്തിനും ഒരു അനുഗ്രഹമായിത്തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നു, അദ്ദേഹത്തിന് എല്ലാ ആശംസകളും നേരുന്നു.

ജനുവരി 26 ഇന്ത്യൻ റിപ്പബ്ലിക്ക് ദിനമായി നാം ആചരിക്കുന്നുവല്ലോ. ഇന്ത്യ എന്ന സ്വതന്ത്ര രാജ്യത്തിനൊരു ഭരണഘടന നൽകപ്പെട്ട സുദിനം. 2025 ഭരണഘടനയുടെ 75-ാമത് വർഷമായി ആഘോഷിക്കുന്നു. രാഷ്ട്രീയ, സാമൂഹ്യ നീതിയുടെ ഉറപ്പ് ഭരണഘടനയിലൂടെ വിഭാവനം ചെയ്ത ഭരണഘടനാ ശില്പികളെ നന്ദിയോടെ സ്മരിക്കാം. അംബേദ്കർ എന്ന മഹാ വ്യക്തിത്വത്തെ ഓർമ്മിക്കാതെ ഭരണഘടനയെക്കുറിച്ചുള്ള ഒരു സംവാദവും നടക്കുന്നില്ല എന്നത് ഏറെ ശ്രദ്ധേയം. തുല്യ സാമൂഹ്യനീതി ഉറപ്പിക്കുന്നതിലൂടെ മാത്രമേ ഒരു രാജ്യം സ്വതന്ത്രമാകു എന്ന് ഉറച്ചു വിശ്വസിക്കുകയും അതിനുവേണ്ടി അഹോരാത്രം പ്രവർത്തിക്കുകയും ചെയ്ത വ്യക്തിത്വമാണല്ലോ അംബേദ്കർ. മത ശാസനങ്ങളും, ആചാരങ്ങളും പരമ്പരാഗതമായ സാമൂഹിക ക്രമങ്ങളും എല്ലാം ഭരണഘടനയ്ക്കുള്ളിൽ നിർവ്വചിക്കേണ്ടത് അനിവാര്യമായി അദ്ദേഹം കരുതി.

നമ്മുടെ ഡൽഹി ഭദ്രാസനം കേരളത്തിൽ നിന്നുള്ള പാർലമെന്റംഗങ്ങളെ ക്രിസ്തുമസുമായുള്ള ബന്ധത്തിൽ ഡിസംബർ മാസം 16-ാം തീയതി വിളിച്ചുകൂട്ടിയത് അർത്ഥവത്തായിരുന്നു. ജാതി ചിന്തകൾക്കും പാർട്ടി പ്രത്യയശാസ്ത്രങ്ങൾക്കുമപ്പുറമായി നിലനിൽപ്പിനായുള്ള മനുഷ്യ, പ്രകൃതി സംഘർഷങ്ങളെ ഉൾക്കൊള്ളുന്ന രാഷ്ട്രീയമാണ് യഥാർത്ഥ ദൈവരാജ്യ ദർശനം എന്ന തിരിച്ചറിവിൽ ജനപ്രതിനിധികളോടൊപ്പം യാത്ര ചെയ്യുവാനുള്ള സന്നദ്ധത നാമും കാട്ടണം. നമ്മുടെ വിവിധ ഭദ്രാസനങ്ങൾ താഴെക്കിടയിൽ ആരും ശ്രദ്ധിക്കാതെയിരിക്കുന്നവർക്കുവേണ്ടി ക്രിസ്തുമസ് കൂട്ടായ്മകൾ ക്രമീകരിച്ചു എന്നറിയുന്നതിൽ സന്തോഷം. അങ്ങനെ ക്രിസ്തുമസ് അപരിചിതരുമായി പങ്കുവയ്ക്കപ്പെടുന്ന സന്തോഷത്തിന്റെ നാളുകളാക്കിയ എല്ലാ തിരുമേനിമാരോടും ഭദ്രാസന ഭാരവാഹികളോടുമുള്ള നന്ദി അറിയിക്കുന്നു.

നമ്മുടെ സഭയുടെ സീനിയർ വികാരി ജനറാളായി അനുഗ്രഹകരമായ ശുശ്രൂഷ നിർവ്വഹിച്ച വന്ദ്യ ദിവ്യശ്രീ. ഡോ. ഈശോ മാത്യു കശ്ശീശാ 2024 ഡിസംബർ 25-ാം തീയതി സഭയുടെ സജീവ സേവനത്തിൽ നിന്നും വിരമിച്ചു. വിവിധ ഭദ്രാസനങ്ങളിലെ വികാരി ജനറാൾ എന്ന ചുമതലയോടൊപ്പം മെത്രാപ്പോലീത്തായുടെ പട്ടത്വ സുവർണ്ണ ജൂബിലി പദ്ധതികളായ 'അഭയം' പാർപ്പിട പദ്ധതിയുടെയും 'ലക്ഷ്യ' വിദ്യാഭ്യാസ സഹായ പദ്ധതിയുടെയും കൺവീനറായും ഫലപ്രദമായ രീതിയിൽ അച്ചൻ പ്രവർത്തിച്ചു. അച്ചനിലൂടെ സഭയ്ക്ക് ലഭിച്ച ശുശ്രൂഷകളെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും അച്ചന്റെ സേവനങ്ങൾക്കായി സഭയുടെ പേരിൽ നന്ദി പ്രകാശിപ്പിക്കുകയും ചെയ്യുന്നു. 2024 ഡിസംബർ മാസം 26-ാം തീയതി മുതൽ വന്ദ്യ ദിവ്യശ്രീ. മാത്യു ജോൺ കശ്ശീശാ സഭയുടെ സീനിയർ വികാരി ജനറാൾ എന്ന ചുമതലയിലേക്ക് പ്രവേശിച്ചു. അച്ചന്റെ ശുശ്രൂഷകളും നേതൃത്വവും സഭയുടെ അർത്ഥവത്തായ ദൗത്യനിർവ്വഹണത്തിന് സഹായകരമാകുവാൻ എല്ലാവരുടെയും പ്രാർത്ഥനാപൂർവ്വമായ സഹകരണം നൽകണം.

2025 ജനുവരി താരക മാസമായി നമ്മുടെ എല്ലാ ഇടവകകളും ആചരിക്കണം. സഭാതാരകയ്ക്ക് കൂടുതൽ വായനക്കാരെയും വരിക്കാരെയും കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയാണ് താരക മാസാചരണം ക്രമീകരിക്കുന്നത്. ഓരോ മാർത്തോമ്മാ ഭവനത്തിലും സഭാതാരക എന്ന ലക്ഷ്യം സഫലമാകുവാൻ ഇടവക തലത്തിൽ വരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കണം. വരിസംഖ്യ പുതുക്കിയും പുതിയ വരിക്കാരെ ചേർത്തും ഈ വർഷത്തെ സഭാതാരക മാസാചരണം കൂടുതൽ അർത്ഥവത്താക്കണം.

നമ്മുടെ സഭയുടെ സീനിയർ വൈദീകരായ അയിരൂർ ചായൽ മാർത്തോമ്മാ ഇടവകാംഗം റവ. സൈമൺ ഏബ്രഹാം അച്ചനും, അട്ടച്ചാക്കൽ മാർത്തോമ്മാ ഇടവകാംഗം റവ. പി. റ്റി. ചെറിയാൻ അച്ചനും കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. അവരിലൂടെയും അവരുടെ കുടുംബാംഗങ്ങളിലൂടെയും ദീർഘവർഷങ്ങൾ സഭയുടെ വിവിധ ഇടവകകൾക്കും സ്ഥാപനങ്ങൾക്കും ലഭിച്ചിട്ടുള്ള നേതൃത്വം ശ്ലാഘനീയമാണ്. അവരുടെ ധന്യമായ ശുശ്രൂഷകളെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. മാങ്ങാനം സെന്റ് പീറ്റേഴ്സ് മാർത്തോമ്മാ ഇടവകാംഗവും ചെന്നൈ സെന്റ് തോമസ് മൗണ്ട് മാർത്തോമ്മാ ഇടവക വികാരിയുമായിരുന്ന റവ. പ്രിൻസ് കോര കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. അച്ചന്റെ രോഗാവസ്ഥയിൽ ചെന്നൈയിലെ സെന്റ് തോമസ് മൗണ്ട് ഇടവക പ്രിൻസ് അച്ചനു നൽകിയ ശുശ്രൂഷകളും ചെന്നൈ-ബാംഗ്ലൂർ ഭദ്രാസനം അച്ചന്റെ ചികിത്സാ കാര്യങ്ങളിൽ നൽകിയ നേതൃത്വവും സഹായസഹകരണങ്ങളും ഏറെ ആദരണീയവും മാതൃകാപരവുമാണ്. അച്ചന്മാരുടെ വേർപാടിൽ ദുഃഖാർത്തരായിരിക്കുന്ന

കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുന്നു. സഭയുടെ അനുശോചനം അറിയിക്കുന്നു.

കോതമംഗലം കുട്ടമ്പുഴ ഉരുളൻതണ്ണിയിലെ വലിയക്ണാച്ചേരിയിലുള്ള കോടിയാട്ട് കുടുംബാംഗവും മാർത്തോമ്മാ സഭാംഗവുമായ ശ്രീ. എൽദോസ്, കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടു എന്നത് ഏറ്റവും ദുഃഖകരമായ കാര്യമാണ്. മലയോര മേഖലയിൽ പാർക്കുന്ന ജനതകൾ അനുഭവിക്കുന്ന വലിയ ഒരു ഭീഷണിയാണ് വന്യമൃഗ ആക്രമണം. എൽദോസിന്റെ കുടുംബത്തിന്റെ ദുഃഖത്തിൽ മാർത്തോമ്മാ സഭ പങ്കുചേരുന്നു, അവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നു. ഇന്ത്യയിലെ പ്രശസ്ത തബല വിദ്വാനായിരുന്ന സക്കീർ ഹുസൈന്റെ നിര്യാണത്തിൽ സഭയുടെ അനുശോചനം രേഖപ്പെടുത്തുന്നു. ദൈവദത്തമായ കഴിവുകൾ ദൈവനാമ മഹത്വത്തിനും സംഗീതത്തിന്റെ പരിപോഷണത്തിനും സമർപ്പിച്ച സാക്കിർ ഹുസൈൻ നമുക്ക് മുൻപിൽ വലിയൊരു മാതൃക കാഴ്ചവെച്ചാണ് കടന്നുപോയത്. മലയാളത്തിന്റെ മഹാസാഹിത്യകാരൻ എം. ടി. വാസുദേവൻ നായർ വിടവാങ്ങി. കേരളത്തിന്റെ അഭിമാനമായ ഈ ബഹുമുഖ പ്രതിഭ രചനകളിലൂടെ മാനവ സാഹോദര്യം പ്രഘോഷിച്ചു. ഏകാകികളുടെയും പരാജിതരുടെയും ഭാഗ്യഹീനരുടെയും തീരാകഥകൾ തന്റെ തൂലികയിലൂടെ വിവരിച്ച മതാതീതനായ മനുഷ്യ സ്നേഹിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചനം അറിയിക്കുന്നു.

ഇന്ത്യയുടെ മുൻ പ്രധാനമന്ത്രിയും രാജ്യത്ത് 'ഉദാരവത്ക്കരണത്തിന്റെ വാതിൽ തുറന്ന' സാമ്പത്തിക വിദഗ്ദനുമായ ഡോ. മൻമോഹൻസിംഗ് നിര്യാതനായി. സത്യസന്ധതയ്ക്കും ലളിത ജീവിതത്തിനും പേരുകേട്ട അദ്ദേഹം ദൃഢചിത്തനും മിതഭാഷിയും മികച്ച നിലപാടുകളുടെ ഉടമയുമായിരുന്നു. രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ തകർച്ചയിൽ നിന്നും രക്ഷിക്കുകയും വികസന പന്ഥാവിൽ നയിക്കുകയും ചെയ്ത പ്രധാന മന്ത്രി എന്ന നിലയിൽ രാജ്യം എക്കാലവും അദ്ദേഹത്തെ സ്മരിക്കും. ഡോ. മൻമോഹൻസിംഗിന്റെ വേർപാടിൽ അനുശോചനം അറിയിക്കുന്നു.

ജനുവരി മാസത്തിലെ വായനകളും ധ്യാനങ്ങളും സഭയുടെ സാക്ഷ്യത്തെയും ദൗത്യത്തെയും ഓർമിപ്പിക്കുന്നവയാണ്. ജനുവരി 5 ഞായറാഴ്ച 'ബാഹ്യകേരളാ മിഷൻ' ദിനമായി വേർതിരിച്ചിരിക്കുന്നു. ദൗത്യത്തിനായി അയക്കുന്ന യേശു എന്നതാണ് ചിന്താവിഷയം. യേശുക്രിസ്തു തന്നിലൂടെ ദൈവത്തെയാണ് വെളിപ്പെടുത്തുന്നത്. സൃഷ്ടാവായ ദൈവം പുന: സൃഷ്ടി നടത്തുന്നവനുമാണ്. സ്വതന്ത്രമായ ഇച്ഛാ ശക്തിയോടു കൂടെ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ, തങ്ങളുടെ അപചയങ്ങളിൽ നിന്നും മടങ്ങി വരുന്നതിന് നിരന്തരം ആവശ്യപ്പെട്ടുകൊണ്ടേ ഇരിക്കുന്നു. ദൈവരാജ്യത്തിന്റെ മുൻരുചിയും യാഥാർഥ്യവും അനുഭവിച്ചറിഞ്ഞവരെയാണ് സാക്ഷികൾ ആയി നിയോഗിക്കുന്നത്. ലോകം പങ്കുവെയ്ക്കുന്ന മൂല്യക്രമങ്ങളിൽ നിന്നും വ്യത്യസ്ത മൂല്യബോധവും സുരക്ഷിത ബോധവും പങ്കു വയ്ക്കുന്ന വിശ്വാസികളുടെ സമൂഹമാകുവാൻ ദൈവം ഈ ദിനത്തിന്റെ ആചരണം സഹായകരമാക്കട്ടെ.

ജനുവരി 12 ഞായറാഴ്ച 'സമാധാനത്തിന്റെ ദൈവം' എന്നതാണ് ധ്യാനവിഷയം. സമാധാനം അന്വേഷിക്കുന്ന ലോക സാഹചര്യത്തിൽ, സത്യ ദൈവത്തിങ്കലേക്കുള്ള പുറപ്പാടാണ് സമാധാന വഴി എന്നു പ്രസംഗിക്കുവാനും സമാധാനം അനുഭവിക്കുന്നവർ ആയിരിപ്പാനും സഭ നിയോഗിക്കപ്പെട്ടിരിക്കുന്നു. വാളുകളെ കൊഴുക്കളായും കുന്തങ്ങളെ വാക്കത്തികളായും അടിച്ചു തീർക്കുന്ന പരിണാമം യഹോവയുടെ പർവ്വതത്തിലാണ് സംഭവിക്കുക. പർവ്വത പ്രസംഗത്തിൽ, സമാധാനം ഉണ്ടാക്കുന്നവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും എന്നും വായിക്കുന്നുവല്ലോ. യേശുവിന്റെ സ്വാധീനം നൽകുന്ന സമാധാനത്തിന്റെ ഓഹരിക്കാരാകാൻ ദൈവം സഹായിക്കട്ടെ. യേശുവിന്റെ സാന്നിധ്യം നൽകുന്ന നീതിബോധവും വിട്ടുകൊടുക്കാനുള്ള സന്നദ്ധതയുമാണ് സമാധാനവഴി. നീതിയില്ലാതെ സമാധാനം ഉണ്ടാവുകയില്ല. സമാധാനം അനുഭവിക്കുന്ന ദൈവമക്കളുടെ സാക്ഷ്യം നമ്മിലൂടെ അനുഭവവേദ്യമായി ഭവിക്കട്ടെ.

ജനുവരി 19, എക്യൂമെനിക്കൽ ഞായർ ആയി ആചരിക്കുന്നു. വ്യത്യസ്ത സാംസ്കാരിക പശ്ചാത്തലങ്ങളിൽ രൂപപ്പെട്ട സഭാ വിഭാഗങ്ങൾ വ്യത്യസ്ത വിശ്വാസ ശക്തീകരങ്ങളും ദൗത്യ ശക്തീകരണങ്ങളും ഉള്ളവരാകുന്നത് സ്വാഭാവികമാണ്. എന്നാൽ ഈ വ്യത്യസ്തകൾ ക്രിസ്തു ശരീരമായ സഭാമക്കൾ തമ്മിലുള്ള കലഹത്തിനും വ്യവഹാരങ്ങൾക്കും കാരണമാകുന്നത് വലിയ അപചയം തന്നെയാണ്. ക്രിസ്തുവിനെ ദൈവം ലോകത്തിലേക്ക് അയച്ചു എന്നു ലോകം വിശ്വസിക്കുന്നത്, വിശ്വാസികൾ തമ്മിലുള്ള ഒരുമ കാരണമാണ്. ഈ വലിയ തിരിച്ചറിവിലേക്കു ക്രിസ്തു സഭ മുഴുവൻ നയിക്കപ്പെടുവാൻ ഈ എക്യുമെനിക്കൽ ദിനാചരണം സഹായകരമായി ഭവിക്കട്ടെ.

ജനുവരി 26 ഞായർ ഭാരതത്തിന്റെ റിപ്പബ്ലിക് ദിനമാണല്ലോ. 'പൊതു സമൂഹത്തിലെ ക്രൈസ്തവ സാക്ഷ്യം' എന്ന വിഷയം ധ്യാനിക്കുന്നത് തികച്ചും പ്രസക്തമാണ്. ഒരു ന്യൂനപക്ഷ സമൂഹമായ ക്രൈസ്തവർക്ക് നല്കപ്പെടുന്ന സ്വാതന്ത്ര്യം പ്രശംസനീയമാണ്. ചില പ്രതിസന്ധികളും വിഷമതകളുമൊക്കെ ഉണ്ടായിട്ടുണ്ട് എങ്കിലും ഭാരതത്തിന്റെ പൊതുമനസ്സ് ക്രൈസ്തവസമൂഹത്തിന് എതിരല്ല. ഭൂമിക്ക് ഉപ്പായും വെളിച്ചമായും വിശ്വാസ സമൂഹം പെരുമാറിക്കൊണ്ടാണ് കുരിശിന്റെയും ഉയിർത്തെഴുന്നേൽപ്പിന്റെയും സാക്ഷികൾ ആകേണ്ടത്. ധാർമിക വിശുദ്ധിയോടെ, മാനവികതയുടെ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ സഭക്ക് കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.

Theodosius Malabar

പൂലാത്തീൻ
26.12.2024

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**